"ഭരണഭാഷ- മാതൃഭാഷ"

Break the chain

**കേരള സർക്കാർ**

**സംഗ്രഹം**

ഉന്നതവിദ്യാഭ്യാസവകുപ്പ് - സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിലെ ലൈബ്രറികളിൽ നിന്നും പുസ്തകങ്ങളെടുത്ത വിദ്യാർത്ഥികളും അദ്ധ്യാപകരും പുസ്തകം തിരിച്ച് നൽകുമ്പോൾ ഈടാക്കുന്ന പിഴ പുന:സ്ഥാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (കെ) വകുപ്പ്**

സ.ഉ.(സാധാ) നം.654/2022/HEDN തീയതി,തിരുവനന്തപുരം, 07-05-2022

---

പരാമർശം:-

1. 22.10.2021 തിയ്യതിയിലെ സ.ഉ.(സാധാ)നം.1408/2021/HEDN നമ്പർ സർക്കാർ ഉത്തരവ്
2. 07/04/2022 ലെ സ.ഉ.(സാധാ)നം.328/2022/DMD നമ്പർ സർക്കാർ ഉത്തരവ്
3. 13.04.2022 തീയതിയിലെ കോളജ് വിദ്യാഭ്യാസ ഡയറക്ടറുടെ K2/13593/2022/DCE നമ്പർ കത്ത്

**ഉത്തരവ്**

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ, കേരളത്തിലെ കലാലയങ്ങൾ അടഞ്ഞു കിടന്നിരുന്നതിനാൽ , ഇനിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ, കാലയളവ് പരിഗണിക്കാതെ സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ലൈബ്രറികളിൽ നിന്നും പുസ്തകങ്ങളെടുത്ത വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും പുസ്തകം തിരിച്ച് നൽകുമ്പോഴുള്ള പിഴയിൽ നിന്ന് ഒഴിവാക്കി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. പരാമർശം (2) പ്രകാരം കോവിഡ്-19-മായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഏർ പ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ പിൻവലിക്കുകയും, ഉന്നതവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും പൂർണ്ണമായും തുറന്ന് പ്രവർത്തിക്കുകയും ചെയ്തു വരുന്ന സാഹചര്യത്തിൽ, സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസവകുപ്പിന് കീഴിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിലെ ലൈബ്രറികളിൽ നിന്നും പുസ്തകങ്ങളെടുത്ത വിദ്യാർത്ഥികളും അദ്ധ്യാപകരും പുസ്തകം തിരിച്ച് നൽകുമ്പോൾ ഈടാക്കുന്ന പിഴ അടുത്ത അദ്ധ്യയന വർഷം (2022 — 2023) മുതൽ പുന:സ്ഥാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. അടുത്ത അദ്ധ്യയന വർഷം ആരംഭിക്കുന്നതുവരെ ലൈബ്രറി പുസ്തകം തിരിച്ച് നൽകുമ്പോഴുള്ള പിഴ ഈടാക്കേണ്ടതില്ല.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സജുകുമാർ എൻ

ജോയിന്റ് സെക്രട്ടറി

1. കോളേജ് വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

3. ഡയറക്ടർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡവലപ്പ്മെന്റ്, ചാക്ക, തിരുവനന്തപുരം.

4. ഡയറക്ടർ, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് & ടെക്നോളജി, തിരുവനന്തപുരം

5. ഡയറക്ടർ, സെന്റർ ഫോർ കണ്ടിന്യൂയിംഗ് എജ്യൂക്കേഷൻ കേരള, ആനത്തറ ലെയിൻ ചാരാച്ചിറ, കവടിയാർ പി.ഒ., തിരുവനന്തപുരം -3

6. പ്രിൻസിപ്പാൾ, ലോ കോളേജ്, തിരുവനന്തപുരം/തൃശ്ശൂർ/എറണാകുളം/കോഴിക്കോട്

7. രജിസ്ട്രാർ, കേരള സർവ്വകലാശാല, തിരുവനന്തപുരം/എം.ജി. സർവ്വകലാശാല, കോട്ടയം/ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി,എറണാകുളം/ കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല, കൊച്ചി/കാലിക്കറ്റ് സർവ്വകലാശാല, മലപ്പുറം/കണ്ണൂർ സർവ്വകലാശാല,കണ്ണൂർ/മലയാളം സർവ്വകലാശാല, തിരൂർ/ നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്, ന്യൂവാൽസ് ക്യാമ്പസ്, എച്ച്.എം.റ്റി. കോളനി.പി.ഒ., കളമശ്ശേരി,എറണാകുളം/എ.പി.ജെ അബ്ദുൾ കലാം ടെക്നോളജിക്കൽ യൂണിവേഴ്സിറ്റി, കോളേജ് ഓഫ് എഞ്ചിനീയറിംഗ് ക്യാമ്പസ്, തിരുവനന്തപുരം/ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല, സർവ്വകലാശാല മന്ദിരം, കരിപ്പുഴ, കൊല്ലം

9. ഡയറക്ടർ, കെ ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷൽ സയൻസ് ആന്റ് ആർട്സ്, തെക്കുംതല , കോട്ടയം-686 585

10. www.highereducation.kerala.gov.in (പ്രസിദ്ധീകരണത്തിന് )

11. വെബ് & ന്യൂ മീഡിയ (പ്രസ:ിദ്ധീകരണത്തിന് )

12. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
**Signed by Sobha D**
**Date: 07-05-2022 16:03:34**

സെക്ഷൻ ഓഫീസർ